# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ.എസ്റ്റാ.I(1) 17309/09/ഗ.വി　　　　　　　　　　　　തിരുവനന്തപുരം,
തീയതി:　　03.01.2012

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ ഉപയോഗത്തിനായി ഇൻവെർട്ടർ - 4KVA (ഇലക്ട്രിക്കൽ വയറിംഗ് ഉൾപ്പെടെ) വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ "ഇൻവെർട്ടർ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേൽക്കുറിപ്പോടെ "സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-4" എന്ന വിലാസത്തിൽ 2012 ജനുവരി 27-ാം തിയതി 3 മണിക്കു മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം നാലുമണിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ക്വട്ടേഷൻ നല്കിയവരുടേയും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടേയും സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ നിശ്ചയിക്കപ്പെടുന്ന തീയതിക്ക് പ്രസ്തുത ഇൻവെർട്ടർ വിതരണം ചെയ്ത് സ്ഥാപിക്കേണ്ടതാണ്. വില സംബന്ധിച്ച ഇൻവോയ്സ്/ ബില്ലിന്റെ മൂന്നു പകർപ്പുകളും ഹാജരാക്കേണ്ടതാണ്. തുക ഡി.ഡി. യായി നൽകുന്നതായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം കെ.പി.എസ്.സി സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

**പി.സി. ബിനോയി,**
സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

*SOP/Estt/10.02.12*